പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484 19.11.2019 -ൽ മറുപടിയ്ക്ക്

## ടൂറിസം പ്രോജക്ടുകൾ

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. വി. ജോയി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിന് ലഭിച്ച ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ടൂറിസത്തിന് ലഭിച്ച ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ പരിപ്രേക്ഷ്യം അറിയിക്കാമോ; | ബി) | കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത മനസ്സിലാക്കി നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു വിനോദസഞ്ചാര കാഴ്ചപ്പാട് ആവിഷ്കരിക്കുന്നതിനാണ് പുതിയ ടൂറിസം നയത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ കേരളത്തിലേയ്ക്ക് വരുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ട്. കേരളത്തിലെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കണം. ഓരോ ടൂറിസം ഉത്പന്നങ്ങളും മൂല്യ വർദ്ധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുന്നതാണ്. ആരോഗ്യ ടൂറിസം രംഗത്ത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയും, സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കിയും വിനോദസഞ്ചാരികൾക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കി അപകട സാധ്യതകൾ ഒഴിവാക്കുന്നു.<br>കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക, ആയുർവേദം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക, ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക, പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക, കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക, കേരള ടൂറിസം സംരംഭകത്വഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം, മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക, സുരക്ഷയും 'കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി' എന്ന പുത്തൻ ആശയവും നടപ്പാക്കുക, ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കുക, ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം, ഹരിത പെരുമാറ്റച്ചട്ടം മുഖാന്തിരം മാലിന്യ നിർമ്മാർജ്ജനം എന്നിവ ടൂറിസം നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. |
| സി) | സംസ്ഥാനത്തിന്റെ പൈതൃകം ലോകത്തിന് പരിചയപ്പെടുത്തുന്നതിനും അതോടൊപ്പം പ്രദേശവാസികൾക്ക് വരുമാനദായകമായ പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; | സി) | സംസ്ഥാനത്തിന്റെ പൈതൃകവും സംസ്കാരവും ലോകത്തിന് പരിചയപ്പെടുത്തുന്നതിനും ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന രണ്ട് പ്രധാന പദ്ധതികളാണ് മുസിരീസ് പൈതൃക പദ്ധതിയും ആലപ്പുഴ പൈതൃകപദ്ധതിയും. തലശ്ശേരി പൈതൃകപദ്ധതി നടപ്പിലാക്കുന്നതിനുളള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, പൈതൃകവും തനതു സംസ്കാരവും ലോകത്തിന് പരിചയപ്പെടുത്തു ന്നതിനും അതോടൊപ്പം തദ്ദേശീയരായ ജനങ്ങൾക്ക് ടൂറിസം വഴി |

| | | | |
|---|---|---|---|
| | | | വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ടൂറിസം ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി.മിഷൻ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകൃതമാവുകയും 2017 ആഗസ്റ്റ് മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>ആർ ടി മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ<br>• പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക<br>• ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക<br>• ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.<br><br>കേരള സംസ്കാരത്തേയും പൈതൃകത്തേയും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും പ്രദേശവാസികളായ ജനങ്ങൾക്ക് ടൂറിസം വഴി വരുമാനം ലഭ്യമാക്കുന്നതിനുമായി ആർടി മിഷൻ നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>ഉത്തരവാദിത്ത ടൂറിസത്തെപ്പറ്റി പൊതു സമൂഹത്തെയും ടൂറിസം മേഖലയെയും, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും പൊതു പ്രവർത്തകരെയും മറ്റു ബന്ധപ്പെട്ട ആളുകളെയും ബോധവാന്മാരാക്കുന്നതിനു ചെറുതും വലുതുമായ അവബോധ ശില്പശാലകൾ സംഘടിപ്പിക്കുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വരുമാനം ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും, പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. അതോടൊപ്പം തന്നെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുത്താവുന്ന വിവിധ തൊഴിലുകൾ ചെയ്യുന്നവരെ കണ്ടെത്തി അവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുന്നു. ആർ ടി മിഷന് യൂണിറ്റുകളെ വിനോദസഞ്ചാരമേഖലയുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനായി ആർ ടി മിഷന്റെ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പ്രവർത്തിക്കുന്നു. (വിവിധ കലാപ്രവർത്തകർക്കായി ആർടി ആർട്ട് ആൻഡ് കൾച്ചറൽ ഫോറം, വിവിധ പ്രാദേശിക ഉത്പന്നങ്ങൾ വിൽക്കുന്നതിനായി കേരള റെസ്പോൺസിബിൾ ടൂറിസം നെറ്റ് വർക്ക്, പ്രാദേശിക തൊഴിൽ സേവനങ്ങളെ ബന്ധിപ്പിക്കുന്നതിനായി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി). ഒരു പ്രദേശത്തിന്റെ ടൂറിസം വികസനത്തിൽ പ്രാദേശിക സമൂഹത്തിന്റെ ജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആർ ടി മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'.<br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നമ്മുടെ നാടിന്റെ സാംസ്കാരികവും, പൈതൃകവുമായ സവിശേഷതകൾ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതും, അതിലൂടെ അന്യം നിന്ന് പോയേക്കാവുന്ന പല കലാരൂപങ്ങൾ, പാരമ്പര്യ തൊഴിലുകൾ എന്നിവയെ പുനരുജ്ജീവിപ്പിക്കുകയും നില നിർത്തുകയും ചെയ്യുന്നതോടൊപ്പം പ്രദേശവാസികൾക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ആർ ടി മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് |

| | | | |
|---|---|---|---|
| | | | എക്സ്പീരിയൻസ് എത്തിക്ക് ക്ലസിൻ. കേരളത്തിൽ 14 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| ഡി) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിനോദസഞ്ചാര വിപണനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ഡി) | വിദേശ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനും, വിപണനത്തിനുമായി വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു.<br>• നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, ടിറ്റർ, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവയിലൂടെ ഉള്ള ഓൺലൈൻ പ്രചാരണങ്ങൾ<br>• ഓൺലൈൻ ടൂർ പ്ലാനറുകൾ<br>• ലൈവ് ടെലികാസ്റ്റുകൾ<br>• ക്ലിന്റ് മെമ്മോറിയൽ ഇന്റർനാഷണൽ ഓൺലൈൻ പെയിന്റിംഗ് കോംപറ്റീഷൻ ഉൾപ്പെടെയുള്ള ഓൺലൈൻ മത്സരങ്ങൾ<br>• ഇ ബ്രോഷറുകൾ<br>• ടൂറിസം ഡെസ്റ്റിനേഷനുകളുടെ റിസോഴ്സ് മാപ്പിംഗ്<br>• ഹോളിഡേ IQ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി തുടങ്ങി നിരവധി പോർട്ടലുകളിലൂടെയുള്ള ഓൺലൈൻ പ്രചാരണം.<br>• കൂടുതൽ അന്തർദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ് സൈറ്റ് ലഭ്യമാക്കൽ |
| ഇ) | വിവിധ ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | ഇ) | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ദ്രുതഗതിയിൽ നിർമ്മാണ പ്രവർത്തികൾ നടത്തി വരുന്നുണ്ട്. ഇവ വിവിധ ഘട്ടത്തിലാണ്.<br>• ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, ഉന്നത ഉദ്യോഗസ്ഥ തലത്തിലും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | • ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എംഎൽഎ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>• ബഹു. ടൂറിസം വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും, പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും, കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.<br>• അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>• വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ, പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഡെസ്റ്റിനേഷൻ മാനേജർമാരായി |

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തിയിട്ടുണ്ട്.<br>• 14 ജില്ലകളിലേയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Awards won by Kerala Tourism

## INTERNATIONAL AWARDS

1. PATA GOLD AWARDS FOR TRAVEL ADVERTISEMENT BROADCAST MEDIA- , COME OUT AND PLAY TV CAMPAIGN, 2019
2. PATA GOLD AWARDS FOR WEBSITE,2019
3. PATA GOLD AWARDS FOR WOMEN EMPOWERMENT INITIATIVE- ETHNIC RESTAURANT AT KUMARAKOM, 2019
4. DIGIES 2019 DIGITAL AWARD – VIDEO CAMPAIGN FOR KERALA TALES- GOLD
5. MCUBE 2019 AWARD – VIDEO CAMPAIGN FOR KERALA TALES – SPECIAL MENTION
6. FOXGLOVE AWARDS 2018-19 – BEST DIGITAL BRAND VIDEO (CAMPAIGN) FOR KERALA TALES – GOLD – ALL INDIA
7. FOXGLOVE AWARDS 2018-19 – BEST USE OF INFLUENCER MARKETING FOR KBE5-ALL INDIA
8. FOXGLOVE AWARDS 2018-19 – BEST DIGITAL BRAND VIDEO (SINGLE) FOR CHILLAN'S BACKWATER WORLD – SOUTH INDIA REGION
9. FOXGLOVE AWARDS 2018-19 – BEST DIGITAL BRAND VIDEO (CAMPAIGN) FOR KERALA TALES – GOLD – SOUTH INDIA REGION
10. FOXGLOVE AWARDS 2018-19 – BEST USE OF INFLUENCER MARKETING FOR KBE 5 –SOUTH INDIA REGION
11. INTERNATIONAL TRAVEL AND TOURISM AWARDS FOR BEST IN RESPONSIBLE TOURISM GOLD- KERALA TOURISM,2018
12. WTM RESPONSIBLE TOURISM AWARDS GOLD- BEST FOR MANAGING SUCCESS- KUMARAKOM 2018
13. TRAVEL AND LEISURE AWARD FOR BEST HONEYMOON DESTINATION IN INDIA-2018
14. PATA GOLD AWARDS FOR TRAVEL ADVERTISEMENT PRINT MEDIA- YALLA KERALA, MIDDLE EAST CAMPAIGN, 2018
15. PATA GOLD AWARDS FOR TRAVEL POSTER- LIVE INSPIRED BIENNALE POSTER, 2018
16. INDIAN RESPONSIBLE TOURISM OUTSTANDING ACHIEVEMENT AWARD IN 2018
17. SOCIAL SAMOSA AWARD, 2018
18. BEST FACE BOOK PAGE AWARD,2018
19. DAS GOLDENE STADTTOR AWARD FOR BIENNALE PRINT CAMPAIGN 2018
20. DAS GOLDENE STADTTOR AWARD FOR BIENNALE POSTER CAMPAIGN 2018
21. LONELY PLANET TRAVEL AWARDS FOR BEST DESTINATION FOR FAMILIES 2018
22. LONELY PLANET AWARD FOR BEST DESTINATION FOR ROMANCE: INDIA MUNNAR, KERALA 2017
23. BETTER HOLIDAY AWARD FOR INDIA'S FAVOURITE WATERFRONT DESTINATION 2017
24. OUTLOOK TRAVELLER AWARD -BEST DESTINATION FOR WELLNESS AND SPIRITUALITY 2017
25. PATA GOLD AWARDS FOR BEST CONSUMER TRAVEL BROCHURE- FILM TOURISM BROCHURE 2017
26. VTH INTERNATIONAL TOURISM CONCLAVE & TRAVEL AWARDS" - BEST BACKWATER, AYURVEDA & SPA, AND WELLNESS STATE, 2017
27. PATA GOLD AWARD FOR KERALA TOURISM E-NEWSLETTER, 2016
28. PATA GOLD AWARD FOR 'VISIT KERALA' TELEVISION COMMERCIAL CAMPAIGN, 2016
29. TRAVEL AND LEISURE AWARD FOR BEST HONEYMOON DESTINATION- 2016

30. CONDE-NAST TRAVELLER READER'S TRAVEL AWARDS FOR BEST LEISURE DESTINATION 2016
31. BEST STAND AWARD AT WTM 2016 & PEOPLE'S CHOICE AWARD AT WTM 2016
32. LONELY PLANET TRAVEL AWARDS FOR BEST DESTINATION FOR FAMILIES 2016

## NATIONAL TOURISM AWARDS

33. BEST TOURISM FILM – COME OUT AND PLAY – 2017-18
34. BEST STATE/UT: COMPREHENSIVE DEVELOPMENT OF TOURISM – REST OF INDIA –THIRD PRIZE -2017-18
35. BEST TOURISM FILM- LIVE INSPIRED -2016-17
36. BEST STATE / UT COMPREHENSIVE DEVELOPMENT OF TOURISM (REST OF INDIA)-SECOND PRIZE – KERALA-2016-17
37. BEST TOURISM PROMOTION PUBLICITY MATERIAL EXCELLENCE IN PUBLISHING FOREIGN LANGUAGE – BOAT RACE BROCHURE- GERMAN-2016-17
38. BEST RESPONSIBLE TOURISM PROJECT / INITIATIVE -RESPONSIBLE TOURISM WAYAND-2016-17
39. BEST TOURISM PROMOTION PUBLICITY MATERIAL- FILM TOURISM BROCHURE -2015-16
40. BEST TOURISM PROMOTION PUBLICITY MATERIAL EXCELLENCE IN PUBLISHING FOREIGN LANGUAGE – NEW MARKET BROCHURE- SPANISH-2015-16
41. BEST RESPONSIBLE TOURISM PROJECT / INITIATIVE -RESPONSIBLE TOURISM KUMARAKOM-2015-16
42. BEST STATE / UT COMPREHENSIVE DEVELOPMENT OF TOURISM (REST OF INDIA)-THIRD PRIZE – KERALA-2015-16
43. BEST CIVIC MANAGEMENT OF A TOURIST DESTINATION CATEGORY-SAROVARAM BIO PARK, KERALA-2015-16
44. MOST INNOVATIVE USE OF INFORMATION TECHNOLOGY – KERALA TOURISM DIGITAL MARKETING-2015-16

സെക്ഷൻ ഓഫീസർ